(ഡി) മോട്ടോർ വാഹന വകുപ്പിലും എക്സൈസ് വകുപ്പിലും രജിസ്ട്രേഷൻ വകുപ്പിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല. വാണിജ്യ നികുതി വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 308 കോടി രൂപയുടെ സർക്കാർ സ്റ്റേ കൊടുത്തിട്ടുണ്ട് (ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ)

മറ്റ് വകുപ്പുകളിൽ നിന്നും നൽകിയ സ്റ്റേ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

പദ്ധതി ഇക

123 (463)ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ, ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ ഏറെ തുക (നാളിതുവരെ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ കാര്യത്തിൽ) വേണ്ടി വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ 2014-15 വർഷത്തിന്റെ ഒന്നും രണ്ടും ക്വാർട്ടറുകളിൽ നടപ്പായ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണ് ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടതിനേക്കാൾ കൂടുതൽ ചെലവ് നേരിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ ഉണ്ടായ അധിക ചെലവ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) ഒന്നും രണ്ടും ക്വാർട്ടറിൽ മൊത്തം പദ്ധതി തുകയുടെ എത്ര ശതമാനം തുക ട്രഷറിയിൽ നിന്നും ചെലവായിക്കഴിഞ്ഞിട്ടുണ്ട് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില പദ്ധതികളുടെ കാര്യത്തിൽ അധിക ചെലവ് വേണ്ടിവന്നിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഒന്നാം രണ്ടും ക്വാർട്ടറുകളിൽ നടപ്പിലാക്കിയ പദ്ധതികളിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് രേഖപ്പെടുത്തിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇത്തരത്തിലുള്ള ചില പദ്ധതികളിലുണ്ടായ അധിക ചെലവ് മൊത്തം പദ്ധതി പ്രവർത്തനങ്ങളുടെ വിഭവങ്ങൾക്കുള്ളിലായതിനാൽ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുള്ളതായി വിലയിരുത്തപ്പെട്ടിട്ടില്ല.

(ഡി) ആസൂത്രണ സാമ്പത്തിക കാര്യ (സി...ി.എം.യു) വകുപ്പിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 31-10-2014 വരെ മൊത്തം സംസ്ഥാന പദ്ധതി തുകയുടെ 27% ചെലവഴിച്ചിട്ടുണ്ട്.

നികുതി ബാദ്ധ്യത

124 (464) ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ സൂചിപ്പിക്കാതെയും നിയമസഭയിൽ ചർച്ച ചെയ്യാതെയും കനത്ത നികുതി ഭാരവും ബാദ്ധ്യതകളും ജനങ്ങളുടെ മേൽ ഓർഡിനൻസിലൂടെ അടിച്ചേൽപ്പിക്കുന്നത് ഭരണഘടന വിരുദ്ധവും കീഴ് വഴക്കമില്ലാത്തതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.